"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്-സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല അഡീഷണൽ ഡയറക്ടർക്കു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.184/2020/പ്ലാനിംഗ് തീയതി,തിരുവനന്തപുരം, 22/04/2020

പരാമർശം:- 1 സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 17/3/2020-ലെ ഡി.ഇ.എസ്./1169/2020-ഇ.ബി.1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ ഡയറക്ടറായിസേവനമനുഷ്ഠിച്ചിരുന്ന ശ്രീ.വി.രാമചന്ദ്രൻ 31/03/2020 ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ ഡി.പി.സി കൂടി ഡയറക്ടർ തസ്തികയിലേക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് കലാതാമസം ഉണ്ടാകുമെന്നതിനാൽ വകുപ്പിലെ സീനിയർ മോസ്റ്റ് അഡീഷണൽ ഡയറക്ടറായ ശ്രീ.പി.വി.ബാബുവിന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവാകണമെന്ന് ഡയറക്ടർ പരാമർശപ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ ഡയറക്ടറായിരുന്ന ശ്രീ.വി.രാമചന്ദ്രൻ 31/03/2020 ന് സർവ്വീസിൽ നിന്നും വിരമിച്ചെങ്കിലും കോവിഡ്-19 വ്യാപനത്തെ തുടർന്ന് സംസ്ഥാന വ്യാപകമായി ലോക്ഡൗൺ പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ പകരം നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. ശ്രീ.വി.രാമചന്ദ്രൻ തന്റെ ചുമതലകളെല്ലാം .അഡീഷണൽ ഡയറക്ടറായ ശ്രീ.പി.വി.ബാബുവിന് കൈമാറിയിട്ടുണ്ട്.ഈ സാഹചര്യത്തിൽ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല 1/04/2020 പൂർവ്വാഹ്നംമുതൽ മുൻകാലപ്രാബല്യത്തിൽ വകുപ്പിലെ ഏറ്റവും സീനിയറായ അഡീഷണൽ ഡയറക്ടർ ശ്രീ.പി.വി.ബാബുവിന് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷൈനി ജോർജ്**

**അഡിഷണൽ സെക്രട്ടറി**

1. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

2.ശ്രീ. പി.വി. ബാബു.,അഡീഷണൽ ഡയറക്ടർ ,സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്,തിരുവനന്തപുരം.

3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ് /എ& ഇ) തിരുവനന്തപുരം

4.ജില്ലാ ട്രഷറി ഓഫീസർ,തിരുവനന്തപുരം.

5.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്

2. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

3.ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്